കവർസ്റ്റോറി

സ്വദ്റുദ്ദീൻ വാഴക്കാട്

# ഭക്തിയുടെ ലാഭംമാർക്കറ്റുകൾ

**ദൽഹി** പോലീസിന്റെ ഇകണോമിക് ഒഫൻസ് വിംഗിന് (EWO) 2007 ജൂണിൽ വിചിത്രമായൊരു പരാതി ലഭിച്ചു. വലിയ ആരാധകവൃന്ദമുള്ള ഇന്ത്യയിലെ ഒരു പ്രമുഖ ആൾദൈവത്തിന്റെ അനുയായികളാണ് പരാതിക്കാർ. ആൾദൈവത്തിന്റെ അടുത്ത ഭക്തരിൽ സ്ഥാനം നേടാനാഗ്രഹിച്ച ഒരു 'ആരാധകൻ' മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ സംഭാവന വാഗ്ദാനം ചെയ്തു. മൂന്ന് ഗഡുക്കളായാണ് പണം നൽകാമെന്നേറ്റത്. ഭക്തന്റെ വൻതുകയും സംഭാവനയും ബിസിനസസ്സിൽ അദ്ദേഹം നേടുന്ന അത്ഭുതകരമായ വളർച്ചയും കണ്ട് മയങ്ങിയ 'ആൾദൈവം' വൻതുക ബിസിനസ്സിൽ ഇറക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. നിക്ഷേപമായി നാലുകോടി ഭക്തന് കൈമാറി. പണം കിട്ടിയ ഭക്തൻ രാത്രിതന്നെ അതുമായി മുങ്ങി. പിന്നെ ഒരു വിവരവുമില്ല!

പരാതിയുമായെത്തിയ ആൾദൈവ ശിഷ്യന്മാർ പക്ഷേ, കേസ് ചാർജ് ചെയ്യാൻ ആവശ്യപ്പെടുകയോ അന്വേഷണത്തിന് സമ്മർദം ചെലുത്തുകയോ ചെയ്തില്ല. സംഭവം പൂഴ്ത്തിവെക്കാനാണ് അവർ ശ്രമിച്ചത്. 4 കോടി നഷ്ടപ്പെട്ടിട്ടും എന്തുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് അവർ പിന്നീട് സ്വീകരിച്ചത്? പോലീസ് അന്വേഷണം യഥാർഥത്തിൽ ആൾദൈവത്തിനു തന്നെയാണ് പുലിവാലാവുകയെന്ന് അവർ മനസ്സിലാക്കി. 4 കോടിയുടെ സ്രോതസ്സിനെക്കുറിച്ച് പോലീസ് അന്വേഷിച്ചാൽ തങ്ങൾ തന്നെയാണതിൽ പ്രതിയാക്കപ്പെടുകയെന്ന് അവർക്ക് തോന്നിയിട്ടുണ്ടാകും. അതുകൊണ്ടാണവർ പതുക്കെ പിൻവലിയാൻ തീരുമാനിച്ചത്. EWO-യിലെ ഒരു ഉദ്യോഗസ്ഥൻ പറയുന്നു: ആധ്യാത്മിക പ്രഭാഷണത്തിനു ശേഷമാണ് അധികവും ആൾദൈവം പണം സ്വീകരിക്കാറുള്ളത്. പണമായിത്തന്നെയാണത് ശേഖരിക്കുക. സംഭാവന വൻതുകയുണ്ടാകും. പക്ഷേ, ആൾദൈവത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച് അന്വേഷണം നടത്തി രഹസ്യം വെളിച്ചത്തുകൊണ്ടുവരണമെന്ന് ഒരാളും വ്യക്തമായി ആവശ്യപ്പെട്ടിട്ടില്ല (2007 ജൂൺ 24-ന് *തെഹൽക*യിൽ ശാന്താനു ഗുഹാറായ് എഴുതിയ 'ബിസിനസ് ഓഫ് ദ ഗോഡ്സ്' എന്ന ലേഖനത്തിൽനിന്ന്).

### ഭക്തിയുടെ കച്ചവടം

കോടികൾ വിറ്റുവരവുള്ള ആത്മീയതയുടെ ബിസിനസ് സാമ്രാജ്യങ്ങൾ ലോകമെങ്ങും വളരുകയാണിന്ന്. പുതിയ കാലത്തിന്റെ പുതുജ്വരമായി ആത്മീയ വൈകൃതങ്ങൾ ഇടം നേടുന്നു. ആധുനിക ഭൗതികതയുടെ തേരോട്ടത്തിന്റെ ശേഷിപ്പുകളിൽ ആഗോളീകരണത്തിന്റെ അനന്തമായ അനുകൂലസാഹചര്യങ്ങളെ സമർഥമായി ഉപയോഗിച്ചുകൊണ്ടാണ് കപട ആത്മീയതയുടെ കൾട്ട് വ്യവസായം വളർച്ച നേടുന്നത്.

മിക്ക രാജ്യങ്ങളിലും ബിസിനസ് എക്സിക്യൂട്ടീവുകളും ഹോൾസെയിൽ-റീട്ടെയ്ൽ ഷോറൂമുകളും ധാരാളം ഉപഭോക്താക്കളുമുള്ള വൻകിട ആൺ-പെൺ ദൈവങ്ങൾ ഒരു ഭാഗത്ത്. സൂര്യനസ്തമിക്കാത്ത ആത്മീയ സാമ്രാജ്യത്തിന്റെ ഉടമകളായി അവർ മാറിക്കൊണ്ടിരിക്കുകയാണ്. മറുഭാഗത്ത് ദേശീയവും പ്രാദേശികവുമായ വ്യാപാര ശൃംഖലകളുള്ള നൂറുകണക്കിന് ഇടത്തരം-ചെറുകിട ആത്മീയ വ്യാപാരികളും സജീവമാണ്. വലിയ മുതൽമുടക്കില്ലാതെ ലക്ഷങ്ങളുടെയും കോടികളുടെയും ലാഭം കൊയ്തെടുക്കാവുന്ന ഭക്തിക്കച്ചവടക്കാരുടെ വിഹാരരംഗം ഇന്ത്യതന്നെ! നാടുനീളെ ഭക്തിയുടെ ലാഭംമാർക്കറ്റുകൾ തുറന്ന് ലോട്ടറി കച്ചവടക്കാരെപോലെ ആത്മീയ വ്യാപാരികൾ ഉപഭോക്താക്കളെ ആകർഷിക്കാൻ ശ്രമിക്കുകയാണ്.

മതചിഹ്നങ്ങളും ആരാധനാരൂപങ്ങളും പുണ്യപുരുഷന്മാരുമായി ബന്ധപ്പെട്ട പേരുകളും ആത്മീയ ബിസിനസ്സിനുവേണ്ടി സമർഥമായി ഉപയോഗിക്കപ്പെടുന്നു. സ്വാമി, സദ്ഗുരു, മാതാ, ഔലിയ, യോഗി, സിദ്ധാനന്ദ, അമ്മ, ബീവി, ചൈതന്യ, ശൈഖ്, ബാബ, ഗുരുദേവ്, തങ്ങൾ, ശ്രീ ശ്രീ, കൽകി തുടങ്ങിയ വിശേഷണങ്ങൾ പേരിനൊപ്പം ചേർത്ത് വേഷ-ഭൂഷാദികൾ സ്വീകരിച്ച് ചില പൊടിക്കൈകൾ കാണിക്കുന്നതോടെ ഏതൊരു ക്രിമിനലിനും മാനസികരോഗിക്കും ബിസിനസ്സുകാരനും ദിവ്യ പരിവേഷം ലഭിക്കുന്നു. ധ്യാനം, യോഗ, പൂജ, സുവിശേഷപ്രസംഗം,

വചനപ്രഘോഷം, പെരുന്നാൾ, പ്രാർഥന, സ്വലാത്ത്, ദിക്ർ തുടങ്ങിയ മതമുഖമുള്ള കർമങ്ങളെ ആത്മീയ വ്യാപാരത്തിന്റെ ഉപകരണങ്ങളാക്കി മാറ്റും. മതത്തിന്റെ ചുവ കൈവരുന്നതോടെ അന്ധവിശ്വാസികളായ ഭക്തജനം ആൾദൈവങ്ങളിലേക്കും ദിവ്യന്മാരിലേക്കും ഒഴുകിയെത്തും. അവരെ പൂജിക്കുകയും പ്രീതിനേടാനും ഉദ്ദിഷ്ടകാര്യ സാധ്യത്തിനുമായി യഥേഷ്ടം പണം ഒഴുക്കുകയും ചെയ്യും.

### ഭൗതികവൽക്കരണം

ആത്മീയതയിൽനിന്ന് പൊതുവെ പ്രതീക്ഷിക്കപ്പെടുന്ന ഭക്തി, ജീവിത വിശുദ്ധി, മോക്ഷം തുടങ്ങിയവയൊന്നും പുത്തൻ ആത്മീയതയുടെ ലക്ഷ്യമേ അല്ല. സമ്പത്തും സെക്സും ആരാധനാസുഖവുമാണ് പല ആൾദൈവങ്ങളും ദിവ്യന്മാരും ലക്ഷ്യംവെക്കുന്നത്. ഒരുവിഭാഗം ഭക്തജനങ്ങൾ അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആത്മാർഥതയോടെയാണ് ഇത്തരം ആത്മീയതയിലേക്ക് കടന്നുവരുന്നതെങ്കിൽ, നല്ലൊരു ശതമാനവും ഭൗതികമോഹങ്ങളോടെത്തന്നെയാണ് കൾട്ടുകളെ സമീപിക്കുന്നത്.

ആധ്യാത്മിക പൈതൃകത്തിൽനിന്ന് വികസിപ്പിച്ചെടുത്തതെന്ന് അവകാശപ്പെടുന്ന, ആർട്ട് ഓഫ് ലിവിംഗ് എന്ന് പേരിട്ട് വിളിക്കുന്ന സുദർശന ക്രിയക്ക് താൽപര്യപൂർവം സന്നദ്ധരാകുന്നത് വൻകിട കമ്പനികളും ബിസിനസ് എക്സിക്യൂട്ടീവുകളുമാണ്. പല വിദേശ-സ്വദേശി കമ്പനികളും തങ്ങളുടെ ബിസിനസ് എക്സിക്യൂട്ടീവുകളെ ബാംഗ്ലൂരിലും മറ്റുമുള്ള ആർട്ട് ഓഫ് ലിവിംഗ് കേന്ദ്രങ്ങളിലയച്ച് പരിശീലിപ്പിക്കുന്നു. അവരെ നല്ല വ്യക്തികളാക്കാനല്ല; നല്ല കച്ചവടക്കാരാക്കാൻ! കമ്പനി എക്സിക്യൂട്ടീവുകൾക്കു വേണ്ടി പ്രത്യേക കോഴ്സ്തന്നെ ശ്രീശ്രീ വികസിപ്പിച്ചെടുത്തിട്ടുണ്ടത്രെ! റാലിസ്, വേൾഡ് ബാങ്ക്, കാഡ്ബറീസ്, ടാറ്റ, വിപ്രോ തുടങ്ങിയ നിരവധി കമ്പനികൾ തങ്ങളുടെ ബിസിനസ് വളർത്താനുള്ള ചുമതല ശ്രീശ്രീ രവിശങ്കറിനെയാണത്രെ ഏൽപിച്ചിരിക്കുന്നത്. അവരുമായി ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷന് നീണ്ടകരാറാണുള്ളത്. അതിജീവനകല വഴി അവരുടെ ബിസിനസ്സിൽ വൻ വളർച്ചയുണ്ടായിട്ടുണ്ട് പോലും; ശ്രീശ്രീയുടെ ബിസിനസ്സിനും വൻ വളർച്ച തന്നെ! (*മലയാള മനോരമ ശ്രീ* 2002 ഫെബ്രുവരി 17).

ആധുനിക മാർക്കറ്റിംഗ് തന്ത്രങ്ങൾ ഉപയോഗിച്ചുള്ള ബിസിനസ്സാണ് കൾട്ടുകൾ നടത്തുന്നതെന്ന് എഴുത്തുകാരനായ സക്കറിയ പറയുന്നു: "ഓഷോയാണ് ഇന്ത്യയിൽ -ഒരുപക്ഷേ ലോകത്തിലും ആദ്യമായി ആധ്യാത്മിക ഗുരുവ്യക്തിത്വത്തെ ആധുനിക മാർക്കറ്റിംഗ് വിജ്ഞാനത്തിന്റെ ബാഹ്യമാധ്യമ പ്രായോഗിക പദ്ധതികളുപയോഗിച്ച് പാക്കേജ് ചെയ്ത് ജനമധ്യത്തിലെത്തിച്ചത്. അമൃതാനന്ദമയി ഭാഗികമായി ഹൈന്ദവാനുഷ്ഠാനങ്ങളുടെ സഹായത്തോടെയും രവിശങ്കർ മതനിരപേക്ഷമെന്ന് തോന്നിക്കുന്ന പദ്ധതികൾ ഉപയോഗിച്ചും ഓഷോ കാണിച്ചുകൊടുത്ത ഗുരുവിപണനതന്ത്രങ്ങളുടെ വ്യക്തിസാന്നിധ്യത്തെ നേരിട്ട് പ്രചരിപ്പിക്കുന്നതിനൊപ്പം ബഹുമാധ്യമ വിപണനതന്ത്രങ്ങളിലൂടെ തങ്ങളുടെ പ്രതിഛായയെയും അതിസമർഥമായി ബഹുരാഷ്ട്ര വിപണിയിൽ വിക്ഷേപണം ചെയ്യുന്നതിൽ പ്രഗത്ഭന്മാരാണ്" (*മതം സംസ്കാരം മതമൗലികവാദം* - സക്കറിയ- കറന്റ് ബുക്സ് തൃശൂർ പേജ്. 134). 'ആഗോള ആധ്യാത്മിക വിപണികളാണ് രവിശങ്കർ ലക്ഷ്യം വെക്കുന്നത്, അദ്ദേഹം വിപണനം ചെയ്യുന്നത് ഇന്നത്തെ മധ്യ-ഉന്നത മധ്യവർഗങ്ങൾക്ക് ജീവിതസമ്മർദങ്ങളെ വിജയകരമായി നേരിടാനുള്ള ആധ്യാത്മികതന്ത്രങ്ങളാണ്, വള്ളിക്കാവിൽ അമൃതാനന്ദമയി പ്രദർശിപ്പിക്കുന്ന ഹൈന്ദവപരത വിദേശത്ത് നിയന്ത്രിതമായി ത്തീരുന്നു, വ്യത്യസ്ത ഉപഭോക്താക്കളുടെ വ്യത്യസ്ത ആത്മീയ ശൈലികളോടുള്ള ബഹുമാനമാണ് ഈ മാർക്കറ്റിംഗ് സമീപനത്തിൽ പ്രതിഫലിക്കുന്നത്' എന്ന് സക്കറിയ തുടർന്നെഴുതുന്നു (Ibid പേജ്. 135).

### കള്ളപ്പണവും വിദേശ ഫണ്ടിംഗും

മതത്തെ വാണിജ്യവൽക്കരിച്ച പുരോഹിതർ, സാമ്പത്തിക ചൂഷണത്തിനും രതിവൈകൃതങ്ങൾക്കും ആത്മീയതയുടെ ലേബൽ നൽകിയ ആൺ-പെൺ ദൈവങ്ങൾ, ബിസിനസ് സാമ്രാജ്യം വളർത്താനും കള്ളപ്പണം വെളുപ്പിക്കാനും വഴിതേടുന്ന വൻകിട മുതലാളിമാർ, മാഫിയാ സംഘങ്ങൾ, അധികാരരാഷ്ട്രീയത്തിനു വേണ്ടി എന്തുവൃത്തികേടും കാണിക്കുന്ന രാഷ്ട്രീയക്കാർ, അരാജകത്വവും അരാഷ്ട്രീയതയും വളർത്തി വിമോചന പോരാട്ടങ്ങളെ തളർത്തി അധിനിവേശം വിജയിപ്പിക്കാനാഗ്രഹിക്കുന്ന സാമ്രാജ്യത്വ ശക്തികൾ, ഫണ്ടിംഗ് ഏജൻസികൾ, വംശീയതയിലും വർഗീയതയിലും ഊട്ടിയുറപ്പിക്കപ്പെട്ട ഫാഷിസ്റ്റ് സംഘങ്ങൾ, പണത്തിനും പ്രചാരത്തിനുമായി എന്തുവൃത്തികേടുകൾക്കും പ്രചാരം നൽകുന്ന പ്രിന്റ്-ഇലക്ട്രോണിക് മീഡിയ തുടങ്ങിയ വൻ റാക്കറ്റാണ് ആത്മീയ വ്യവസായത്തെ നിയന്ത്രിക്കുന്നത്. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഫണ്ടിംഗ് ഏജൻസികളിലൂടെയും ഭക്തജനങ്ങളിലൂടെയും ഒഴുകിയെത്തുന്ന കോടികളുടെ സംഭാവനയാണ് ഇവരുടെ പ്രധാന വരുമാന മാർഗം. ഹോസ്പിറ്റലുകൾ, ഹെൽത്ത് സെന്ററുകൾ, ഫാർമസികൾ, ആശ്രമങ്ങൾ, ഹോസ്റ്റലുകൾ, പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള ഹോട്ടലുകൾ, പുസ്തക പ്രസാധനം, ആനുകാലികങ്ങൾ, ടി.വി ചാനലുകൾ. ഉയർന്ന ഫീസും ഡൊണേഷനും ഈടാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഭൂസ്വത്ത്, യൂനിവേഴ്സിറ്റികൾ, പൂജയും മന്ത്രവും കഴിച്ച് തയാർ ചെയ്യുന്ന 'സർവപ്രശ്ന പരിഹാരി'കളായ വസ്തുക്കളുടെ വിൽപന തുടങ്ങിയ ഒട്ടേറെ വഴികൾ ആത്മീയ ബിസിനസ്സിന്റെ വളർച്ചക്ക് സഹായിക്കുന്നു.

ഇന്ത്യയിലെ പല ആൾദൈവങ്ങളും കള്ളപ്പണം വെളുപ്പിക്കാൻ കൂട്ടുനിൽക്കുന്നുവെന്ന് സി.എൻ.എൻ-ഐ.ബി.എൻ റിപ്പോർട്ടുകൾ വെളിപ്പെടുത്തുകയുണ്ടായി. അനേകം ഭക്തരുള്ള ഉടമയായ പൈലറ്റ് ബാബയും ബി.ജെ.പി നേതാവും അയോധ്യയിലെ രാമജന്മഭൂമി ട്രസ്റ്റ് നേതാവുമായ വേദാന്തി മഹാരാജും കള്ളപ്പണം വെളുപ്പിക്കാൻ കോടികൾ കമ്മീഷൻ ആവശ്യപ്പെട്ട വാർത്ത ഹിന്ദുസ്ഥാൻ ടൈംസ് 2007 മെയ് 6-ന് പ്രസിദ്ധീകരിച്ചിരുന്നു. (www.hindusthantimes.com) കേരളത്തിലേക്കൊഴുകിയെത്തുന്ന ഹവാല പണത്തെക്കുറിച്ച അന്വേഷണം ആൾദൈവങ്ങളിലേക്കും ആത്മീയ കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കണമെന്ന ആവശ്യമുയരുകയുണ്ടായി.

ഇന്ത്യയിലേക്ക് ഏറ്റവുമധികം വിദേശപണം ഒഴുകുന്നത് അമേരിക്ക, ബ്രിട്ടൻ, ജർമനി എന്നിവിടങ്ങളിൽനിന്നാണ്. അമേരിക്കയിൽനിന്നാണ് ഏറ്റവും വലിയ സംഖ്യ - 1,492.62 കോടി. യു.കെ-യിൽനിന്ന് വരുന്നത് - 677.59 കോടി. ജർമനിയാണ് മൂന്നാം സ്ഥാനത്ത് - 664.51 കോടി. ഇത് ഔദ്യോഗിക കണക്കാണ്. യഥാർഥ കണക്ക് ഇതിനുമുപരിയാകാം. ഈ രാജ്യങ്ങളിൽനിന്നുള്ള ഫണ്ട് ഇന്ത്യയിലെ വൻകിട ആൾദൈവങ്ങൾക്കും മിഷനറി പ്രവർത്തനങ്ങൾക്കുമാണ് ലഭിക്കുന്നത്.

ബഹുവിധമാർഗങ്ങളിലൂടെ ആത്മീയ കച്ചവടക്കാരുടെ ഖജനാവിൽ വന്നു നിറയുന്ന പണത്തെക്കുറിച്ച് കാര്യമായ അന്വേഷണങ്ങളൊന്നും നടന്നതായി അറിവില്ല, അതുകൊണ്ടുതന്നെ അവയുടെ യഥാർഥ സ്രോതസ്സുകൾ മനസ്സിലാക്കാനുമാകില്ല. ആത്മീയ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൊതുവെയും സാമ്പത്തിക വിഷയത്തിൽ പ്രത്യേകിച്ചും നിഗൂഢതയുടെ ആവരണമുണ്ട്. ഗവൺമെന്റിന് ആത്മീയ വ്യവസായങ്ങളുടെ സാമ്പത്തികസ്രോതസ്സുകളെക്കുറിച്ച ശരിയായ വിവരങ്ങൾ ഉണ്ടോ? അവയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാറുണ്ടോ?

ആദായനികുതി അവക്കും ബാധകമാണോ? ഇൻകം ടാക്സ് റിട്ടേൺസ് ഫയൽ ചെയ്യുകയും തുക കൃത്യമായി അടക്കുകയും ചെയ്യാറുണ്ടോ? ആത്മീയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ, ആശ്രമങ്ങൾ, ആൾദൈവങ്ങളുടെ വിദേശ യാത്രകൾ, വിദേശികളുടെ വരവ് തുടങ്ങിയവ ഗവൺമെന്റിന്റെ പൂർണമായ അറിവോടും നിയന്ത്രണത്തോടുമാണോ നടക്കുന്നത്? ഇത്തരം നിരവധി ചോദ്യങ്ങൾ ഉയർന്നു വരേണ്ടതുണ്ട്. പക്ഷേ, ആരും അങ്ങനെ ചോദ്യങ്ങൾ ചോദിക്കാൻ മുതിരാറില്ല. കാരണം, ചോദ്യങ്ങൾ ചോദിക്കേണ്ടവരും അന്വേഷണം നടത്തേണ്ടവരും ഏതെങ്കിലും തരത്തിൽ ഈ വ്യവസായത്തിൽ പങ്കാളികളാണ്.

## സേവനം ഒരു മറ

ചാരിറ്റബ്ൾ സൊസൈറ്റികളുടെ ലേബലിലും ജനസേവനപ്രവർത്തനങ്ങളുടെ മറവിലുമാണ് ആത്മീയ തട്ടിപ്പുസംഘങ്ങൾ മിക്കവാറും പ്രവർത്തിക്കുന്നത്. ഇന്ത്യയിലെ മിക്ക ആൾദൈവങ്ങൾക്കും ആത്മീയ സംഘങ്ങൾക്കും രജിസ്ട്രേഡ് ചാരിറ്റബ്ൾ ട്രസ്റ്റുകളുണ്ട്. സ്ഥാപനങ്ങൾ നടത്തുന്നതും സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതുമെല്ലാം ട്രസ്റ്റുകളുടെ പേരിലാണ്. യഥേഷ്ടം ഫണ്ടുകൾ സ്വീകരിക്കാനും പല അന്വേഷണങ്ങളെയും അതിജീവിക്കാനും ടാക്സുകളിൽ വമ്പിച്ച ഇളവുകൾ ലഭിക്കാനും, ഏതു മേഖലയിലും കടന്നുചെല്ലാനും ഇതുവഴി എളുപ്പം സാധിക്കുന്നു. ശ്രീശ്രീ രവിശങ്കറിന്റെ ആത്മീയ പ്രസ്ഥാനം 1989 മുതൽ യു.എന്നിൽ പ്രവർത്തിക്കുന്നത് Non profit educational and humanitarian organisation എന്ന പേരിലാണ്. 1996 മുതൽ യു.എന്നിന്റെ ലിസ്റ്റിൽ ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷൻ (AOLF) ഒരു NGO ആയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ യു.എന്നിന്റെ സാമ്പത്തിക-സാമൂഹിക കൗൺസിലിന്റെ പ്രത്യേക പരിഗണനയും AOLF-വിന് ലഭിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, സുസ്ഥിര വികസനം, യുദ്ധവിരുദ്ധ പ്രവർത്തനങ്ങൾ, ദുരിതബാധിതർക്കുള്ള സേവനങ്ങൾ തുടങ്ങിയവയാണ് AOLF-വിന്റെ പ്രവർത്തന മേഖലയെന്നാണ് യു.എന്നിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അതേ ലേബൽ ഉപയോഗിച്ചാണ് അതിജീവന കലയുടെ ചില കോഴ്സുകൾ കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കാൻ ഈയിടെ ശ്രമിച്ചതും.

സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച ചോദ്യങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ ഈ പണമെല്ലാം ജനങ്ങൾക്കുള്ളതാണ്, ഇതുകൊണ്ട് സേവനമാണ് നടത്തുന്നത് പിന്നെ എന്തിന് അതൊക്കെ അന്വേഷിക്കണം എന്നു പറഞ്ഞ് അവർ വിമർശകരെ ഇരുത്താൻ ശ്രമിക്കാറുണ്ട്. സമ്പത്ത് സുതാര്യവും ശുദ്ധവുമാണെങ്കിൽ എന്തിനതിന്റെ യഥാർഥ കണക്കും സ്രോതസ്സുകളും മൂടിവെക്കണം? ആയിരം കോടിയുടെ വരുമാനം കിട്ടുമ്പോൾ ജനങ്ങളുടെ കണ്ണിൽപൊടിയിടാനും വിമർശകരുടെ നാവടക്കാനും വേണ്ടി അതിൽനിന്ന് 100 കോടി സേവനപ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുന്നു. ചെറിയ സേവനത്തിന്റെ മറവിൽ വലിയ തുകയുടെ വെട്ടിപ്പ് നടക്കുന്നു! സേവനപ്രവർത്തനങ്ങൾക്ക് പണം നൽകുന്ന വ്യക്തികളെയും ഫണ്ടിംഗ് ഏജൻസികളെയും ബോധ്യപ്പെടുത്താനും കൂടുതൽ ഫണ്ട് കൈക്കലാക്കാനും സേവനം ആവശ്യഘടകമായി മാറുന്നു. 13 ചാരിറ്റബ്ൾ സൊസൈറ്റികൾ രൂപീകരിച്ച് സേവനത്തിനായി ഫണ്ട് സ്വരൂപിക്കുകയും കുറച്ചുമാത്രം പേരിന് ചെലവഴിക്കുകയും ബാക്കി തുകയത്രയും വെട്ടിപ്പ് നടത്തുകയും ചെയ്ത ആൾദൈവങ്ങൾ ഇന്ത്യയിലുണ്ടായിട്ടുണ്ട്. കൽക്കി ഭഗവാനായി വേഷമിട്ട തമിഴ്നാട്ടിലെ വിശ്വനാഥ സ്വാമി ഉദാഹരണം (*മാധ്യമം* 02/01/07).

## ആൾദൈവങ്ങളുടെ സാമ്പത്തിക നില

ഇന്ത്യയിൽ ഏറ്റവുമധികം ആസ്തിയുള്ള വിവാദപുരുഷനാണ് സായിബാബ. ആന്ധ്രയിലെ പുട്ടപർത്തിയാണ് ബാബയുടെ ആശ്രമം. സത്യസായി സെന്റർ ട്രസ്റ്റിന് കീഴിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കോടിക്കണക്കിന് രൂപയുടെ ആസ്തിയുണ്ട് ഈ ട്രസ്റ്റിന്. ഇന്ത്യയിൽ ഏറ്റവുമധികം വിദേശ പണം വരുന്നത് ഈ ബാബക്കാണ്.

അമേരിക്ക കേന്ദ്രമായുള്ള ക്രിസ്ത്യൻ ദുരിതാശ്വാസ-വികസന ഏജൻസിയാണ് വേൾഡ് വിഷൻ. ഇന്ത്യയിലെ സന്നദ്ധസംഘടനകൾക്ക് ഏറ്റവുമധികം പണം നൽകുന്നത് ഇവരാണ്. 2000-'01-ൽ വേൾഡ് വിഷൻ ഇന്ത്യയിൽ മൊത്തം നൽകിയ പണം 80.43 കോടിയാണ്. അതേസമയം സായിബാബക്ക് ഇതേവർഷം ലഭിച്ച വിദേശ സംഭാവന 88.18 കോടിയാണ്! ഒരുപക്ഷേ, യഥാർഥ വരവ് ഇതിലുമേറെയായിരിക്കും. 130-ലെറെ ലോക രാജ്യങ്ങളിൽ 12000-ലേറെ കേന്ദ്രങ്ങൾ ബാബക്കുണ്ട്. അവയിലൂടെ ലക്ഷക്കണെക്കിന് ഭക്തരെയും കോടിക്കണക്കിന് രൂപയും ബാബ കൈക്കലാക്കുന്നു.

പുട്ടപർത്തിയിൽ നടന്ന കൊലപാതകങ്ങളെക്കുറിച്ച നിരവധി വെളിപ്പെടുത്തലുകൾ പുറത്തുവന്നിട്ടുണ്ട്. *ഡയ്‌ലി ടെലഗ്രാഫ്*, ഡെന്മാർക്ക് ടെലിവിഷൻ, ബി.ബി.സി, *ഇന്ത്യാ ടുഡേ*, salom.com തുടങ്ങിയവയിലൊക്കെ അതുസംബന്ധമായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 2000 സെപ്റ്റംബറിൽ പുട്ടപർത്തിയിൽ യുനെസ്കോ നടത്താൻ നിശ്ചയിച്ചിരുന്ന ഒരു വിദ്യാഭ്യാസ പരിപാടി ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടതുകാരണം ഉപേക്ഷിക്കുകയുണ്ടായി.

1982-ൽ തുടക്കം കുറിച്ച ശ്രീശ്രീ രവിശങ്കറിന്റെ ആർട്ട് ഓഫ് ലിവിംഗ് (AOLF) ആണ് മറ്റൊന്ന്. ധ്യാനവും ശ്വസനക്രിയകളും സമന്വയിപ്പിച്ച 'അതിജീവനകല'യിലൂടെ 25 വർഷം കൊണ്ട് ശ്രീശ്രീ നേടിയത് 180 ലോക രാജ്യങ്ങളിൽ അനുയായികളെയും കോടിക്കണക്കിന് രൂപയുമാണ്. സുദർശനക്രിയക്ക് പേറ്റന്റ് ഉണ്ടെന്നും അത് ശ്രീശ്രീ രവിശങ്കറിന്റെ പേരിൽ തന്നെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അറിയുന്നതിൽനിന്നുതന്നെ അതിന്റെ കച്ചവടസ്വഭാവം ഊഹിക്കാവുന്നതാണ്. അതുകൊണ്ടാണ് ആഭ്യന്തര-ധനകാര്യമന്ത്രാലയങ്ങളുടെ കണക്കിൽ 400 കോടിയുടെ ടേണോവർ AOLFനുണ്ടെന്ന് കാണിക്കുന്നത്. ശ്രീശ്രീയുടെ ബിസിനസ് അനുദിനം വളരുകയാണെന്ന് ശന്താനുഗുഹാറായ് തെഹൽകയിലെഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക വളർച്ചക്കായി ഒരു കോർപറേഷൻ പോലെ നിങ്ങൾക്കും AOLF കോഴ്സുകൾ നടത്താമെന്ന് ശ്രീശ്രീ തന്നെ പറയുന്നു(*തെഹൽക* ജൂൺ 24/2007).

ആത്മീയതയും സോഫ്റ്റ്‌വെയറുമാണ് ബാംഗ്ലൂരിൽ അനുദിനം വികസിക്കുന്ന ബിസിനസ് മേഖല. ബാംഗ്ലൂരിന്റെ ചരിത്രത്തിൽ ആത്മീയത ഇതുപോലെ കച്ചവടവൽക്കരിക്കപ്പെട്ടിട്ടില്ലെന്ന് ബാഞ്ചറ അക്കാദമിയിലെ അലിഖാജ പറയുന്നു. എപ്പോഴും മാനസിക പിരിമുറുക്കം അനുഭവിക്കുന്ന സോഫ്റ്റ്‌വെയർ എഞ്ചിനീയർമാർക്ക് 'ആത്മീയത' മറു മരുന്നായി മാറുന്നു. ബാംഗ്ലൂരിന്റെ കോസ്മോപൊളിറ്റൻ പ്രകൃതം അവിടെ ഒട്ടേറെ ആത്മീയ കച്ചവടക്കാർക്ക് മാർക്കറ്റ് ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. 40 ആത്മീയ കച്ചവടകേന്ദ്രങ്ങളുണ്ട് ബാംഗ്ലൂരിൽ ഇപ്പോൾ. ആർട്ട് ഓഫ് ലിവിംഗിനു പുറമെ, അമൃതാനന്ദമയി, ഇന്റർനാഷ്നൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ് (ISKCON), സായി ആശ്രമം, രാമന മഹർഷി സെന്റർ ഫോർ ലേണിംഗ്, ശ്രീ മാതൃദേവി വിശ്വാസ് ശാന്തി ആശ്രമം തുടങ്ങിയവയെല്ലാം അവിടെ സജീവമായി പ്രവർത്തിക്കുന്നു. (The Telegraph Culcutta - Sunday Feb 12, 2006).

ഔദ്യോഗിക കണക്കനുസരിച്ച് 400 കോടിയുടെ ടേണോവറാണ് കേരളത്തിലെ പ്രധാന ആൾദൈവത്തിന്റെ പേരിലുള്ള ട്രസ്റ്റിനുള്ളത്. 1200 കോടിയുടെ സാമ്പത്തിക ശേഷിയാണ് ട്രസ്റ്റി

നുള്ളതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. (*തെഹൽക* 24 ജൂൺ 2007). ഇന്ത്യാഗവൺമെന്റിന്റെ ആഭ്യന്തര-ധനകാര്യമന്ത്രാലയത്തിന്റെ കണക്കനുസരിച്ച് വിദേശഫണ്ട് സ്വീകരിക്കുന്നവരിൽ രണ്ടാം സ്ഥാനത്താണ് ഈ ട്രസ്റ്റ്. 1998–'99-ൽ 51.55 കോടി വിദേശഫണ്ടാണ് അവർക്ക് ലഭിച്ചത്. മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ആശ്രമങ്ങൾ, 12 അമ്പലങ്ങൾ, 175 കോടി വരുമാനമുള്ള ഡീംഡ് യൂനിവേഴ്സിറ്റി തുടങ്ങി നിരവധി സ്ഥാപനങ്ങളുണ്ട്. ചാനലും പുസ്തക പ്രസാധനവും വേറെ. സൂനാമി ദുരിതബാധിതരുടെ പുനരധിവാസത്തിന് 100 കോടിയാണ് ട്രസ്റ്റ് പ്രഖ്യാപിച്ചത്. കത്രീന ദുരന്തബാധിതർക്ക് ബുഷും ക്ലിന്റനും ഉണ്ടാക്കിയ ഫണ്ടിലേക്ക് രണ്ട് വർഷം മുമ്പ് ഒരു മില്യൻ ഡോളറും വിദർഭയിലെ കർഷകർക്ക് 200 കോടിയുടെ സഹായവും വാഗ്ദാനം ചെയ്തു.

400 കോടിയാണ് ഈ ട്രസ്റ്റിനുള്ളതെന്ന് ഔദ്യോഗിക കണക്കുകൾ പറയുന്നു, പിന്നെ എങ്ങനെയാണ് ദുരന്തങ്ങളുണ്ടാകുമ്പോൾ ഇത്രയധികം കോടികളുടെ സഹായം അവർ പ്രഖ്യാപിക്കുന്നത്? ട്രസ്റ്റിന്റെ സാമ്പത്തിക ഇടപാടുകൾ പൂർണമായും സുതാര്യമാണോ? ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നതുതന്നെ തെറ്റാണെന്നാണ് ഭക്തരുടെ അഭിപ്രായം.

'കരിസ്മാറ്റിക്' എന്ന ശീർഷകത്തിനു താഴെ പ്രത്യക്ഷപ്പെടുന്ന ധ്യാനരൂപങ്ങൾ, രോഗശാന്തി ശുശ്രൂഷ, ദൈവവചന പ്രഘോഷണം തുടങ്ങിയ ഒട്ടേറെ ആത്മീയ തട്ടിപ്പുകൾ ക്രൈസ്തവ മതത്തിന്റെ മറവിൽ നടക്കുന്നുണ്ട് (സക്കറിയ Ibid 50) പല ധ്യാനകേന്ദ്രങ്ങളും സാമ്പത്തിക ചൂഷണം, ലൈംഗിക പീഡനം, ലഹരിയുടെ വിപണനം തുടങ്ങിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ അകപ്പെട്ടവയാണ്. ഡിവൈൻ ധ്യാന കേന്ദ്രത്തിനെതിരെ ഉയർന്ന ആരോപണങ്ങൾ ഏറെ ഗുരുതരമായിരുന്നു. ക്രൈസ്തവസഭയിൽനിന്ന് പുറത്താക്കപ്പെട്ട പുരോഹിതനായ ജോൺ ജോസഫിന്റെ 'മാർത്താണ്ഡം കരിസ്മാറ്റിക് സെന്ററി'ൽ കൊലപാതകം, മാനഭംഗം, പണാപഹരണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നടന്നതിന്റെ പേരിൽ ജോണിനെയും സഹായികളായ നാല് സ്ത്രീകളെയും പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവക്കെതിരായ അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുകയായിരുന്നു.

അന്ധവിശ്വാസികളായ ഭക്തജനങ്ങളെ ചൂഷണം ചെയ്ത് പണവും മാനവും ചിലപ്പോൾ ജീവൻ തന്നെയും കവർന്നെടുക്കുന്ന ഒട്ടേറെ തട്ടിപ്പുസംഘങ്ങൾ ഭക്തിയുടെ മാർക്കറ്റിൽ സുലഭമാണ്. ജ്യോതിഷത്തിന്റെയും ദിവ്യശക്തിയുടെയും പേരിലാണിതിലേറെയും നടക്കുന്നത്. ഭാവിപ്രവചനം, ബാധയകറ്റൽ, രോഗശുശ്രൂഷ, ശത്രുദോഷം നീക്കൽ, മന്ത്രവാദം, നാരീപൂജ, വാരഫലങ്ങൾ, അത്ഭുതസിദ്ധ മോതിരങ്ങൾ, ധനാകർഷണ യന്ത്രങ്ങൾ, മന്ത്രിച്ച് തയാറാക്കിയ ഏലസ്, തകിട്, രുദ്രാക്ഷമാലകൾ, ചാത്തൻ സേവാമഠങ്ങൾ, ആശ്രമങ്ങൾ, സ്വയംവരയന്ത്രങ്ങൾ, നിധി പ്രത്യക്ഷപ്പെടുത്തൽ, ആഭിചാര കർമങ്ങൾ, കൂടോത്രം തുടങ്ങിയവയെല്ലാം ആത്മീയ വ്യവസായത്തിൽ പണം വാരാനുള്ള പലവഴികളിൽ ചിലതാണ് (*മംഗളം* ദിനപത്രം 2007 മാർച്ച് 31, ഏപ്രിൽ 1,2,3. *മലയാള മനോരമ* 2006 നവംബർ 1,2,3,4).

അങ്ങനെ ലക്ഷങ്ങൾ അടിച്ചെടുത്ത് മാനവും ജീവനും കവർന്ന് ഭക്തിവ്യാപാരം മുന്നോട്ടു പോകുമ്പോൾ നമ്മുടെ ലോകം ഒരു ഭ്രാന്താലയമായി മാറുകയാണ്. ■

sadarvzkd@yahoo.co.in